# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.319** **10.05.2017 - ൽ മറുപടിയ്ക്ക്**

## അവയവദാനം പ്രോത്സാഹിപ്പിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.വിൻസെന്റ് :<br>ശ്രീ. കെ.എസ്.ശബരീനാഥൻ<br>ശ്രീ.വി.ടി.ബൽറാം | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി ) |
| (എ) സംസ്ഥാനത്ത് അവയവങ്ങൾ ലഭിക്കുന്നതിന് രജിസ്റ്റർ ചെയ്യുന്നവരുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) അവയവദാതാക്കളുടെ ( എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ടോ ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ് ; | (ബി) പരിശോധിച്ചുവരുന്നു. |
| (സി) സംസ്ഥാനത്തെ ചില സ്വകാര്യ ആശുപത്രികൾ കേന്ദ്രീകരിച്ച് അവയവ കച്ചവടംനടക്കുന്നു-വെന്ന പ്രചരണം, മസ്തിഷ്ക മരണം സംഭവിക്കുന്നവരുടെ അവയവങ്ങൾ ദാനം ചെയ്യുന്നവരിൽ നിന്നും ബന്ധുക്കളെ അകറ്റുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (സി) യും (ഡി) യും ഇക്കാര്യം പരിശോധനാ വിധേയമാക്കുന്നതാണ്. എന്നിരുന്നാലും പൊതു സമൂഹത്തിൽ മരണാനന്തര അവയവദാനത്തെകുറിച്ചുള്ള ആശങ്കകൾ ദൂരീകരിക്കുന്നതിനും അവയവദാനത്തിന്റെ ആവശ്യകത സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിനുമായി സെമിനാറുകൾ, ശില്പശാലകൾ, മെഡിക്കൽ-പാരാമെഡിക്കൽ സ്റ്റാഫിന് പരിശീലന പരിപാടികൾ എന്നിവ നടത്തിവരുന്നു.മസ്തിഷ്ക മരണാനന്തര അവയവദാനം പ്രോത്സാഹിപ്പിക്കുവാനായി പ്രശസ്ത സിനിമാതാരം പത്മശ്രീ ഡോ.മോഹൻലാലിനെ ഗുഡ് വിൽ അംബാസിഡർ ആയി നിയമിക്കുകയുണ്ടായി. |
| (ഡി) ഉണ്ടെങ്കിൽ ഇക്കാര്യം സംബന്ധിച്ച് ബോധവൽക്കരണം നടത്തി അവയവദാനത്തിന്റെ മഹത്വം സമൂഹത്തിൽ എത്തിക്കുന്നതിന് കൂടുതൽ ക്രിയാത്മകമായ നടപടി സ്വീകരിക്കുമോ? | |

**സെക്ഷൻ ഓഫീസർ**